# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2236 — 6-2-2019 - ൽ മറുപടിയ്ക്ക്**

**കുപ്പിവെള്ളം അമിത വിലയ്ക്ക് വിൽക്കുന്നത് തടയുവാൻ നടപടി**

**ചോദ്യം** — **മറുപടി**

**ശ്രീ. കെ. ജെ. മാക്സി:** — **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുപ്പിവെള്ളത്തിന് റെയിവേ 15 രൂപയും സ്വകാര്യ കച്ചവടക്കാർ സ്വന്തം ഇഷ്ടമനുസരിച്ചും (20 രൂപയും കൂടുതലും) വില ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെ.ഐ.ഐ.ഡി.സി വിപണിയിലിറക്കുന്ന ഒരു ലിറ്റർ കുപ്പിവെള്ളത്തിന് (ഹില്ലി അക്വ) 15 രൂപ എം.ആർ.പി നിരക്കിലാണ് വില്പന നടത്തി വരുന്നത്. കുപ്പിവെള്ളത്തിന് എം.ആർ.പിയെക്കാൾ അധിക വില ഈടാക്കിയതിന് ലീഗൽ മെട്രോളജി വകുപ്പ് 2018-19-ൽ സംസ്ഥാനത്ത് 6 കേസ്സുകൾ കണ്ടെത്തുകയും, 30,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാന കുപ്പിവെള്ള നിർമ്മാതാക്കളുടെ സംഘടന 12 രൂപക്ക് കുപ്പിവെള്ളം നൽകാമെന്ന് സർക്കാരിനെ അറിയിച്ചിട്ടും കുപ്പിവെള്ളം അമിതവിലയ്ക്ക് വിൽക്കുന്നത് തടയുവാൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ; | (ബി) | കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കുപ്പിവെള്ളത്തിന്റെ നിർമ്മാണ ചെലവും പ്രസ്തുത കുപ്പിവെള്ളം കടകളിലെത്തിച്ച് 20 രൂപക്ക് വിൽക്കുമ്പോഴുള്ള കൊള്ള വിലയും സംബന്ധിച്ച അന്തരം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) & (ഡി) | ഇല്ല. സ്വകാര്യ സംരംഭകരുടെ ചൂഷണം തടയുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനമായ കെ.ഐ.ഐ.ഡി.സി കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിച്ചത്. കെ.ഐ.ഐ.ഡി.സിയുടെ ഒരു ലിറ്ററിന്റെ കുപ്പിവെള്ളത്തിന് എം.ആർ.പി. 15 രൂപ മാത്രമാണ്. കുറഞ്ഞ നിരക്കിലുള്ള സർക്കാർ ഉടമസ്ഥതയിലുള്ള 'ഹില്ലി അക്വ' കുപ്പിവെള്ളം വിപണിയിൽ എത്തിയതിനു ശേഷം സ്വകാര്യ കമ്പനികൾ കുപ്പിവെള്ളത്തിന്റെ വില അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നത് തടഞ്ഞു നിർത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം പ്രവൃത്തികൾ തടയുവാനും ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള കുപ്പിവെള്ളം ഉറപ്പു വരുത്തുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

Chitralekha RL

സെക്ഷൻ ഓഫീസർ